## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3186 15.12.2015 - ൽ മറുപടിക്ക്**

## വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ** | : | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |

(എ) തിരുവനന്തപുരം - കോട്ടയം എം. സി. റോഡിൽ വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗുരുതരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ?

(എ) ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കെ. എസ്. ടി. പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷൻ ഉൾപ്പെടെ എം. സി. റോഡിന്റെ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണി 2011 - ൽ പൂർത്തിയാക്കി. ഇതിൽ ഉൾപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിൽ ലഭ്യമായ സ്ഥലങ്ങൾ ഉപയോഗിച്ച് വികസനം പൂർത്തിയാക്കിയതാണ്. കൂടാതെ ശബരിമല തീർത്ഥാടന സീസൺ പ്രമാണിച്ച് വെഞ്ഞാറമൂട് ജംഗ്ഷനിലെ കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

ഈ റോഡിൽ കൂടി വാഹനഗതാഗതം വളരെയധികം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽ-

പ്പെട്ടിട്ടുണ്ട്. ഇപ്പോൾ ലോക ബാങ്ക് ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കെ. എസ്. ടി. പി രണ്ട് പദ്ധതിയിൽപ്പെടുത്തി ഈ ജംഗ്ഷൻ ഉൾപ്പെടെയുള്ള കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിനെ ഒരു മോഡൽ റോഡ് സേഫ്റ്റി കോറിഡോറായി വികസിപ്പിക്കുന്നത് വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി-യിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ആവശ്യ-മായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും, ജംഗ്ഷൻ വികസനവും, ഉപരിതലം പുതുക്കലും ചെയ്യുന്നതാണ്. ഈ പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുവാനുള്ള നടപടി ക്രമങ്ങൾ അവസാന ഘട്ടത്തി-ലാണ്. ഉടൻ തന്നെ ടെണ്ടർ ചെയ്ത് ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

Lalitha

സെക്ഷൻ ഓഫീസർ